നാളികേര കൃഷി വികസനം

46 (209) ശ്രീ. എ. സി. ഷൺമുഖദാസ് :
ശ്രീ. കെ. പി. മോഹനൻ :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളികേര കൃഷി വികസനത്തിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇതിനായി പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) കേരളത്തിലെ തെങ്ങുകളിൽ കൂമ്പുചീയൽ രോഗം ബാധിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ രോഗപ്രതിരോധത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇതിനായി പ്രതീക്ഷിക്കുന്ന തുക എത്രയാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനു വേണ്ടി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. തെങ്ങിൻ തോട്ടങ്ങളിൽ ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി കിണറുകളും പമ്പുസെറ്റുകളും സ്ഥാപിച്ചു. തെങ്ങുകൾക്ക് സംയോജിത വളപ്രയോഗം നടത്തി പച്ചിലവള വിത്ത് വിതരണം ചെയ്തു. രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റുകയും പകരം പുതിയ നല്ലയിനം തൈകൾ വിതരണം ചെയ്യുകയും ചെയ്തു. പ്രദർശന തോട്ടങ്ങളും ജൈവവള യൂണിറ്റുകളും സ്ഥാപിച്ചു. രോഗപ്രതിരോധ നിയന്ത്രണ മാർഗ്ഗങ്ങൾക്കൊപ്പം അവയെക്കുറിച്ച് പ്രചരണവും നടത്തി. 2001-02 മുതൽ 2005 ഡിസംബർ വരെ നാളികേര കൃഷി വികസനത്തിനായി 9769.8819 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഈ രോഗത്തിനെതിരെ കേരള കാർഷിക സർവ്വകലാശാല ശിപാർശ ചെയ്തിട്ടുള്ള പ്രതിരോധ നിയന്ത്രണ മാർഗ്ഗങ്ങൾ കൃഷി ഭവനുകളിലൂടെ നൽകി വരുന്നു. കൂടാതെ കർഷകരെ ബോധവൽക്കരിക്കാനായി രോഗപ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ച് വിവിധ മാർഗ്ഗങ്ങളിലൂടെ പ്രചരണവും നടത്തുന്നുണ്ട്. രോഗം ബാധിച്ച തെങ്ങുകളിൽ മരുന്നുതളി, സംയോജിത വളപ്രയോഗം, നല്ലയിനം തൈകൾ നടുക, ഇടയിളക്കൽ എന്നീ പ്രവർത്തികൾക്കായി പ്രദർശനത്തോട്ടം സ്ഥാപിക്കുകയും സസ്യസംരക്ഷണ പരിപാലനത്തിനുള്ള പരിശീലനം നൽകുകയും ചെയ്തുവരുന്നു. രോഗം ബാധിച്ച് പൂർണ്ണമായി നശിച്ച തെങ്ങുകൾക്ക് പകരമായി പുതിയ തൈകൾ നൽകുന്നതിനും പരിപാടിയുണ്ട്.

(ഡി) 164.4225 ലക്ഷം രൂപ.

LIBRARY ARCHIVES Kerala Legislative Assembly